# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1558** **07.06.2018-ൽ മറുപടിയ്ക്ക്**

## മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധനവകുപ്പിന്റെ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ; | എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ മത്സ്യബന്ധനം, ഹാർബർ എഞ്ചിനിയറിംഗ് എന്നീ വകുപ്പുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>(എ) മാവേലിക്കര മണ്ഡലത്തിലെ പാലമേലിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 174.61 ലക്ഷം രൂപയുടെ പദ്ധതിക്ക് (90% ധനസഹായം നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, 10% സംസ്ഥാന സർക്കാർ) ഭരണാനുമതി നൽകുകയും നിർവ്വഹണം നടന്നു വരുകയും ചെയ്യുന്നു.<br><br>(ബി) തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ 8 റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി 3 പ്രവൃത്തികൾ പൂർത്തീകരിച്ചു. 3 റോഡ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. താമരക്കുളം ജംഗ്ഷൻ - നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകുന്നതിനും വള്ളിക്കുന്നം കാഞ്ഞിരത്തും മൂട് പുത്തൻചന്ത റോഡ് പ്രവൃത്തിക്ക് പുതുക്കിയ സാങ്കേതിക അനുമതി നൽകി, പുനഃദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പടയണിവട്ടം മണാട്ട്കുളം റോഡ് പ്രവൃത്തി പഞ്ചായത്ത് ഏർപ്പാടാക്കിയതിനാൽ ഒഴിവാക്കിയിരിക്കുകയാണ്.<br><br>(സി) മാവേലിക്കര ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ കെട്ടിടത്തിൽ മത്സ്യഫെഡിന്റെ അധുനിക ഫിഷ്മാർട്ട് സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. |

ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ബി) (1). മാവേലിക്കര മണ്ഡലത്തിലെ പാലമേലിൽ ആദിക്കാട്ടുകുളങ്ങര മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇ.ടി.പി., യാർഡ് കോൺക്രീറ്റ്, ഫ്ളേക്ക് ഐസ് യൂണിറ്റ്, ചിൽ റൂം മുതലായവ ചെയ്യേണ്ടതുണ്ട്.

(2). തീരദേശ റോഡുകളുടെ നിലവാരം സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | പ്രായിക്കര തറയിൽ-മുക്ക് കടത്തുകടവ് റോഡ് | 28.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | വള്ളിക്കുന്നം പള്ളിക്കത്തറ -കൊട്ടാരത്തിൽമുക്ക് റോഡ് | 16.96 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | വിവേകാനന്ദ ജംഗ്ഷൻ-മാവോലിമുക്ക് ടി.എ കനാൽ എസ്.എൻ.ഡി.പി ഹൈസ്കൂൾ റോഡ് | 34.45 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | ആശാൻമുക്ക്- ഏലിയാസ് നഗർ റോഡ് | 22.79 | 75% പ്രവൃത്തി പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 5 | നൂറനാട് പുലിമേൽ ചുനക്കര ബണ്ട് റോഡ് | 104.00 | 15% പ്രവൃത്തി പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 6 | കല്ലിൽക്കുന്നിൽ മുക്ക് കമ്പിളുമല പള്ളി റോഡ് | 77.91 | പ്രവൃത്തി പുരോഗമിച്ച് വരുന്നു. |
| 7 | വള്ളിക്കുന്നം-കാഞ്ഞിരത്തുംമൂട് പുത്തൻചന്ത റോഡ് | 46.00 | പുതുക്കിയ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 8 | താമരക്കുളം ജംഗ്ഷൻ-നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | 62.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| 9 | വള്ളിക്കുന്നം പഞ്ചായത്തിലെ പടയണിവട്ടം മണാട്ടുകുളം റോഡ് | | മറ്റ് ഏജൻസി (പഞ്ചായത്ത് ഏർപ്പാടാക്കിയിട്ടുണ്ട്). |

(3). മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് ഫിഷ്മാർട്ട് സ്ഥാപിക്കുന്നതിനായി 3,68,344/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**